# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1971 — 06.02.2019 ൽ മറുപടിക്ക്

## ഓപ്പറേഷൻ ബ്രോക്കൺ വിൻഡോ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.ബി. സതീഷ്<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.എം. നൗഷാദ്<br>ശ്രീ.ജോൺ ഫെർണാണ്ടസ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കോടതികൾ പിടികിട്ടാപ്പുള്ളികളായി പ്രഖ്യാപിച്ചിട്ടുള്ളവരും വിവിധ കേസുകളിൽപ്പെട്ടവരുമായവരെ പിടികൂടുന്നതിനായി തിരുവനന്തപുരം സിറ്റി പോലീസ് നടത്തിയ ഓപ്പറേഷൻ ബ്രോക്കൺ വിൻഡോയുടെ ഭാഗമായി എത്ര പ്രതികളെ പിടിക്കുന്നതിന് സാധിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (എ) 1274 പ്രതികളെ പിടികൂടാൻ സാധിച്ചിട്ടുണ്ട്. |
| (ബി) ഓപ്പറേഷൻ ബ്രോക്കൺ വിൻഡോയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുണ്ടായിട്ടുള്ള പ്രതികരണങ്ങൾ എന്തെല്ലാമാണ്; | (ബി) ഓപ്പറേഷൻ ബ്രോക്കൺ വിൻഡോയുടെ പ്രവർത്തനങ്ങൾ തിരുവനന്തപുരം സിറ്റിയിൽ വിജയകരമായിരുന്നു. ലോംഗ് പെൻഡിംഗ് കേസുകളിലെ പ്രതികളെ പിടികൂടാൻ സാധിക്കുക വഴി കെട്ടിക്കിടന്ന കേസുകളിൽ തീർപ്പുണ്ടാകുകയും അതിലൂടെ പൊതുജനങ്ങൾക്കിടയിൽ വളരെ നല്ല പ്രതികരണങ്ങൾ ഉളവാക്കുന്നതിനും സാധിച്ചു. |
| (സി) സിറ്റി പോലീസ് നടത്തി വരുന്ന കോമ്പിങ്ങ് ഓപ്പറേഷൻ മുഖേന ഏതെല്ലാം വിഭാഗത്തിലെ കുറ്റവാളികളെ കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ; | (സി) തിരുവനന്തപുരം സിറ്റി പോലീസ് കോമ്പിങ്ങ് ഓപ്പറേഷൻ മുഖേന ഭവന ഭേദനം, ചതി, മോഷണം, പിടിച്ചുപറി തുടങ്ങിയവയിലെ പ്രതികൾ, കൂടാതെ സാമൂഹ്യ വിരുദ്ധരെയും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതികൾ പ്രായോഗികവും പരാതിക്ക് ഇടം നൽകാത്ത വിധവും ആണെന്ന് ഉറപ്പുവരുത്തിക്കൊണ്ട് സംസ്ഥാനത്തെ മുഴുവൻ സിറ്റികളിലേക്കും വ്യാപിപ്പിക്കുന്നതിന് ആലോചിക്കുമോ എന്നറിയിക്കാമോ? | (ഡി) തിരുവനന്തപുരം സിറ്റിക്ക് പുറമെ കൊല്ലം സിറ്റി, തൃശ്ശൂർ സിറ്റി, കൊച്ചി സിറ്റി എന്നീ നഗരങ്ങളിൽ ഓപ്പറേഷൻ ബ്രോക്കൺ വിൻഡോ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ